08
2026
ഏപ്രിൽ
ബുധൻ
മീനം 25

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 77 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-77 പേജ് 4. വില 2.00 രൂപ

02 എൽഡിഎഫും യുഡിഎഫും ലൗ ജിഹാദ് പ്രോത്സാഹിപ്പിക്കുന്നു: പി. കെ. കൃഷ്ണദാസ്
03 പ്രചാരണത്തിന് പര്യവസാനം, കലാശക്കൊട്ട്
04 കേരളം നാളെ പോളിങ് ബൂത്തിലേക്ക്

# പരസ്യപ്രചരണത്തിന്റെ അവസാന ഘട്ടത്തിലും മണ്ഡലം നിറഞ്ഞ് രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: പരസ്യ പ്രചരണത്തിന്റെ അവസാന നാളിലും മണ്ഡലം നിറഞ്ഞ് നേമം നിയോജക മണ്ഡലത്തിലെ എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ.

രാവിലെ കാരയ്ക്കാമണ്ഡപത്തും കൈമനത്തും കീ വോട്ടർമാരെ സന്ദർശിച്ച അദ്ദേഹം വെള്ളായണി ശ്രീവിദ്യാധിരാജ ഹോമിയോപതിക് മെഡിക്കൽ കോളേജും സന്ദർശിച്ച് മാനേജ്മെന്റുമായും ജീവനക്കാരുമായും സംസാരിച്ചു. തുടർന്ന് പൂജപ്പുര ചാടിയറ കട്ടയ്ക്കാലിലെ ഉന്നതി സന്ദർശിച്ചു. വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഡ്രെയിനേജിന്റെ പണി പുനരാരംഭിക്കണമെന്ന നാട്ടുകാരുടെ ആവശ്യം താൻ വിജയിച്ചാൽ തീർച്ചയായും നടപ്പാക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി.



പന്ത്രണ്ട് മണിയോടെ നേമം തെരഞ്ഞെടുപ്പ് ഓഫീസിലെത്തി നേതാക്കളും പ്രവർത്തകരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് 3 മണിയോടെ ബൈക്ക് റാലിയിൽ പങ്കെടുക്കാനായി കരമനയിലെത്തി. മൂന്നരയോടെ പ്രചരണ വാഹനങ്ങളുടെയും നൂറ്കണക്കിന് ബൈക്കുകളുടെയും അകമ്പടിയോടെ റാലി ആരംഭിച്ചു.

കരമനയിൽ നിന്നും ആരംഭിച്ച റാലി പൂജപ്പുര, തൃക്കണ്ണാപൂരം, പൽങ്കാലമുക്ക്, നേമം, കാരക്കാമണ്ഡപം, പാപ്പനംകോട്, കരുമം വഴി തിരുവല്ലത്ത് സമാപിച്ചു. വാഹന റാലിയിൽ തൃക്കണ്ണാപുരം, നേമം, പാപ്പനംകോട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും പ്രവർത്തകർ റാലിയിൽ അണിചേർന്നു. പാപ്പനംകോട് ജംഗ്ഷനിൽ ലോക്ജനശക്തി പാർട്ടി സംസ്ഥാന പ്രസിഡന്റ് അരുൺ വേലായുധന്റെ നേതൃത്വത്തിൽ നേതാക്കളും പ്രവർത്തകരും കൊട്ടിക്കലാശത്തിൽ പങ്കെടുത്തു. തിരുവല്ലത്ത് റാലിയെത്തിയപ്പോൾ അവിടെയും നൂറ്കണക്കിന് പ്രവർത്തകർ കാത്തു നിൽപ്പുണ്ടായിരുന്നു. ബിജെപിയുടെ പരസ്യപ്രചണ സമാപനം തിരുവല്ലത്തായിരുന്നു.

വാഹന റാലിയിലും തിരുവല്ലത്ത് നടന്ന കൊട്ടിക്കലാശത്തിലും ഡെപ്യൂട്ടി മേയർ ആശാനാഥ്, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാരായ എം.ആർ ഗോപൻ, സത്യവതി.വി, കൗൺസിലർമാർ, സിറ്റി ജില്ലാ ജനറൽ സെക്രട്ടറി പാപ്പനംകോട് സജി, ന്യൂനപക്ഷ മോർച്ച കോഴിക്കോട് റൂറൽ ജില്ലാ സെക്രട്ടറി റിഷാദ് സുല്ലമി, സിറ്റി ജില്ല ട്രഷറർ ആലപ്പുറം കൃഷ്ണകുമാർ, കൈമനം ദീപുരാജ്, തമ്പാനൂർ സതീഷ് തുടങ്ങിയവർ പങ്കെടുത്തു.

## പൂജപ്പുരയിൽ ഡ്രെയിനേജ് സംവിധാനം കൊണ്ടുവരും: രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: നാൽപ്പത് വർഷമായി ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരമായി പൂജപ്പുരയിൽ ഡ്രെയിനേജ് സംവിധാനം കൊണ്ടുവരുമെന്ന് എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ. പുജപ്പുരയിലെ ഡ്രെയിനേജ് സംവിധാനമില്ലാത്ത സ്ഥലങ്ങൾ സന്ദർശിക്കുകയായിരുന്നു അദ്ദേഹം.

പൂജപ്പുരയിൽ ഡ്രെയിനേജ് സംവിധാനം താറുമാറായിരിക്കുകയാണ്. ചെങ്കള്ളൂരുള്ള പമ്പ് ഹൗസിൽ കൃത്യമായ പമ്പിംഗ് നടക്കുന്നില്ല. പമ്പിന്റെ കപ്പാസിറ്റി കൂട്ടാത്തതിനാലാണ് പമ്പിംഗ് നടക്കാത്തത്. പമ്പിംഗ് നടക്കാത്തതിനാൽ പമ്പ് ഹൗസിന്റെ സമീപത്ത് വൻ ദുർഗന്ധമാണനുഭവപ്പെടുന്നത്. ഡ്രെയിനേജ് മാലിന്യം മുടവൻ മുഗൾ വഴി കരമനയാറ്റിലേക്കാണ് ഒഴുക്കിവിടുന്നത്. പൂജപ്പുരയിൽ ഡ്രെയിനേജ് സംവിധാനമൊരുക്കണമെന്ന നാട്ടുകാരുടെ ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്.

മാറിമാറി വന്ന ജന പ്രതിനിധികൾ പൂജപ്പുരയിലെ ഡ്രെയിനേജ് സംവിധാനത്തിനു വേണ്ടി ഒന്നും ചെയ്തില്ല. ഡ്രെയിനേജ് സംവിധാനമില്ലാത്തത് ഗുരുതരമായ വെള്ളക്കെട്ടിനും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു. റോഡുകളിലെ കുഴികൾ, കെട്ടിടങ്ങളിൽ വെള്ളം കയറൽ, മഴക്കാലത്ത് അഴുക്ക് വെള്ളം കെട്ടിക്കിടക്കുന്നത് വഴി പകർച്ചവ്യാധികൾ എന്നിവയാണ് പ്രധാന പ്രത്യാഘാതങ്ങൾ.

നാൽപ്പത് വർഷം മുമ്പ് പൈപ്പുകൾ സ്ഥാപിച്ചതിന് ശേഷം ഇന്നുവരെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഒരു കോടി അറുപത് ലക്ഷം മുടക്കി പൈപ്പുകൾ സ്ഥാപിച്ചിട്ട് രണ്ടര വർഷം കഴിഞ്ഞു. എന്നാൽ കിള്ളിയാറിന് കുറുകേ പൈപ്പ് സ്ഥാപിക്കാത്തതിനാൽ ഡ്രെയിനേജ് ലൈൻ പൂർത്തിയാക്കാൻ സാധിച്ചില്ല. ആറിന്റെ രണ്ട് വശങ്ങളിലും മാൻഹോൾ സ്ഥാപിച്ചിട്ടുണ്ട്. ഇനി പൈപ്പ് യോജിപ്പിച്ചാൽ മതി. ആറിന് കുറുകേ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനോടൊപ്പം ചെറിയ കാറുകൾക്ക് പോകാനാവശ്യമായ വീതിയിൽ ഒരു ഇരുമ്പു പാലം കൂടി നിർമ്മിച്ചാൽ ജഗതിയിലേക്കുള്ള എളുപ്പവഴിയാകും. പൂജപ്പുര ട്രാഫിക് ബ്ളോക്ക് ഉണ്ടാവുകയാമെങ്കിൽ ചെറുകര റിക്രൂട്ട്മെന്റ് ഓഫീസിൽ നിന്ന് ജഗതിലേക്ക് എളുപ്പത്തിൽ എത്താൻ കഴിയും.



# ആരുമറിയാതെ പ്രസവം: പൂഴനാട് നവജാത ശിശു മരിച്ച സംഭവത്തിൽ അടിമുടി ദുരൂഹത

കാട്ടാക്കട: പൂഴനാട് നവജാത ശിശു മരിച്ച സംഭവത്തിൽ അടിമുടി ദുരൂഹതയെന്ന് പോലീസ്. പ്രസവം നടന്നത് ഭർത്താവോ വീട്ടുകാരോ അറിയാതെയാണെന്ന വെളിപ്പെടുത്തലാണ് കേസിനെ സങ്കീർണക്കുന്നത്.

പൂഴനാട് പ്ലാവിള വീട്ടിൽ ഷംനയുടെ (21) കുഞ്ഞാണ് മരിച്ചത്. പ്രസവത്തിന് പിന്നാലെ കുഞ്ഞിനെ കൊലപ്പെടുത്തിയതാണോ എന്ന സംശയത്തിൽ പോലീസ് അന്വേഷണം ഊർജിതമാക്കി.

ഞായറാഴ്ച ഉച്ചയ്ക്ക് ഭർത്താവ് അൽത്താഫ് വീട്ടിലെത്തുമ്പോൾ ഷംന വയറുവേദന കാരണം അവശനിലയിലായിരുന്നു. തുടർന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോകാനായി ഓട്ടോറിക്ഷയിൽ കയറ്റുന്നതിനിടെ മുറിയിൽ പരിശോധിച്ചപ്പോഴാണ് കട്ടിലിനടിയിൽ രക്തം പുരണ്ട തുണിക്കെട്ട് കണ്ടതെന്ന് അൽത്താഫ് മൊഴി നൽകി.

അസുഖാവസ്ഥയിലായ യുവതിയെ കാട്ടക്കട മമൽ ആശുപത്രിയിലാണ് കൊണ്ടു വന്നത്.

ഇവരാണ് പോലീസിനെ വിവരം അറിയിച്ചത്. അങ്ങനെയാണ് സംഭവം പുറംലോകം അറിഞ്ഞത്. ദുരൂഹതയുണ്ടെന്ന് പോലീസും സംശയിക്കുന്നു.

ഭാര്യയെ ആശുപത്രിയിലേക്ക് കൊണ്ടു പോകും മുമ്പ് ഇറച്ചിക്കട തൊഴിലാളിയായ അൽത്താഫ് തുണിക്കെട്ട് പരിശോധിച്ചപ്പോഴാണ് അതിനുള്ളിൽ ചോരക്കുഞ്ഞിനെ കണ്ടത്. ഉടൻ തന്നെ കുഞ്ഞിനെയും ഷംനയെയും സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും കുഞ്ഞിന് ജീവനില്ലായിരുന്നു. കുഞ്ഞിൻറെ കഴുത്തിലും നെഞ്ചിലും മുറിവുകൾ കണ്ടതിനെ തുടർന്ന് ഡോക്ടർമാർക്ക് സംശയം തോന്നുകയും പോലീസിൽ വിവരം അറിയിക്കുകയുമായിരുന്നു. കുട്ടിയെ കൊലപ്പെടുത്തിയതാണോ എന്നും സംശയമുണ്ട്.

തൻറെ ഭാര്യ ഗർഭിണിയായിരുന്നു എന്ന വിവരം താനോ വീട്ടിലെ മറ്റുള്ളവരോ അറിഞ്ഞിരുന്നില്ലെന്നാണ് അൽത്താഫ് പോലീസിനോട് പറഞ്ഞിരിക്കുന്നത്. പത്തുമാസത്തോളം നീണ്ട ഗർഭകാലം കൂടെക്കഴിയുന്ന ഭർത്താവ് പോലും അറിയാത്തത് എങ്ങനെയെന്ന കാര്യത്തിൽ പോലീസിന് വലിയ സംശയമുണ്ട്. അടുമുടി ദുരൂഹമാണ് സംഭവമെന്ന് പോലീസും പറയുന്നു.

മൂന്ന് വർഷം മുൻപായിരുന്നു അൽത്താഫിൻറെയും ഷംനയുടെയും വിവാഹം. ഇവർക്ക് രണ്ട് വയസുള്ള മറ്റൊരു കുഞ്ഞുണ്ട്. നിലവിൽ പോലീസ് നിരീക്ഷണത്തിൽ ആശുപത്രിയിൽ ചികിത്സയിലാണ് ഷംന. കുഞ്ഞിൻറെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കുഞ്ഞിൻറെ മരണകാരണം വ്യക്തമാകൂ.

വീട്ടിൽ വെച്ച് പ്രസവം നടന്ന സാഹചര്യവും കുഞ്ഞിൻറെ ശരീരത്തിലെ മുറിവുകളും കൊലപാതക സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. സംഭവത്തിൽ ആര്യങ്കോട് പോലീസ് വിശദമായ മൊഴിയെടുപ്പും അന്വേഷണവും നടത്തിവരികയാണ്. ഔദ്യോഗികമായ സ്ഥിരീകരണങ്ങൾക്കായി കാത്തിരിക്കുകയാണ് നാട്ടുകാരും പോലീസും.

# എൽഡിഎഫും യുഡിഎഫും ലൗ ജിഹാദ് പ്രോത്സാഹിപ്പിക്കുന്നു: പി. കെ. കൃഷ്ണദാസ്

തിരുവനന്തപുരം: എൽഡിഎഫും യുഡിഎഫും അധികാരത്തിലെത്തിയാൽ ലൗ ജിഹാദ് നടപ്പാക്കുമെന്ന് കാട്ടാക്കടയിലെ എൻഡിഎ സ്ഥാനാർഥി പി. കെ. കൃഷ്ണദാസ്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പങ്കെടുത്ത യോഗത്തിലാണ് കൃഷ്ണദാസ് വിവാദ പരാമർശം നടത്തിയത്.

എൽഡിഎഫും യുഡിഎഫും അധികാരത്തിൽ വന്നാൽ ഭരണം നിയന്ത്രിക്കുന്നത് എസ്ഡിപിഐയും ജമാഅത്തെ ഇസ്ലാമിയുമായിരിക്കും. ഹിന്ദു-ക്രിസ്ത്യൻ കുടുംബങ്ങളിലെ പെൺകുട്ടികളെ പ്രണയം നടിച്ച് രാജ്യദ്രോഹപ്രവർത്തനങ്ങൾക്ക് റിക്രൂട്ട് ചെയ്യുന്നതാണ് ഇവരുടെ രീതിയെന്നും കൃഷ്ണദാസ് ആരോപിച്ചു.

ഇതിന് അനുവദിക്കണമോയെന്ന് കേരളത്തിലെ വോട്ടർമാർ ചിന്തിക്കണം. അപകടകരമായ സാഹചര്യം കേരളത്തിൽ വരാൻ പോവുകയാണ്. ഒരുഭാഗത്ത് ജമാഅത്തെ ഇസ്ലാമി, മറുഭാഗത്ത് എസ്ഡിപിഐ. ഇത് രണ്ടും രാജ്യദ്രോഹ പാക് അനുകൂല സംഘടനകളാണ്. ഈ രണ്ട് സംഘടനകളുമായിട്ടാണ് കോൺഗ്രസും മാർക്സിസ്റ്റ് പാർട്ടിയും സഖ്യവും സഹകരണവും ഉണ്ടാക്കിയതെന്നും പി. കെ. കൃഷ്ണദാസ് പറഞ്ഞു. അതേസമയം കൃഷ്ണദാസിൻറെ പ്രസ്താവന തള്ളി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ രംഗത്തെത്തി. ലവ് ജിഹാദ് ഉണ്ട് എന്നാൽ അതിനെ നിർവചിക്കുന്നതിലാണ് പ്രശ്നമെന്നും രാജീവ് ചന്ദ്രശേഖർ കൂട്ടിച്ചേർത്തു.

# യുഡിഎഫിൻറെ മറുവശത്ത് ബിജെപി-എൽഡിഎഫ് പങ്കാളിത്തസഖ്യം: രാഹുൽ ഗാന്ധി

തൃശൂർ: കേരളത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ യുഡിഎഫിൻറെ മറുവശത്ത് ബിജെപി - എൽഡിഎഫ് പങ്കാളിത്തസഖ്യമാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. തൃശൂർ മാളയിലെ തെരഞ്ഞെടുപ്പ് പ്രചാരണ വേദിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ തെരഞ്ഞെടുപ്പിൽ ബിജെപി-എൽഡിഎഫ് പങ്കാളിത്തസഖ്യം ഒരു വശത്തും മറുവശത്ത് യുഡിഎഫുമാണ്. മോദിക്കും ബിജെപിക്കും അറിയാം അവർക്ക് ഭീഷണിയായ ഏക പാർട്ടി കോൺഗ്രസ് ആണെന്ന്.

എപ്പോഴും മതത്തെക്കുറിച്ച് പറയുന്ന മോദി കേരളത്തിൽ വരുമ്പോൾ ശബരിമല കൊള്ളയെക്കുറിച്ച് പറയുന്നില്ല. ഇടതുപക്ഷത്തെ സഹായിക്കാനാണ് മോദി ശബരിമല ക്ഷേത്രത്തെ മറന്നുപോയത്.

മോദിയെ വിമർശിച്ചതിന് എന്നെ ഉപദ്രവിച്ചു. എന്നാൽ, പിണറായി വിജയനെയോ അദ്ദേഹത്തിൻറെ കുടുംബാംഗങ്ങളെയോ തേടി ഏജൻസികൾ വരുന്നില്ല. പിണറായി വിജയൻ മോദിയെ ആക്രമിക്കുന്നില്ല. ഇത് വ്യക്തമാക്കുന്നത് ഒരു പങ്കാളിത്തത്തെയാണെന്നും രാഹുൽ പറഞ്ഞു.

കേരളത്തിലെമ്പാടും മുഖ്യമന്ത്രിയുടെ മുഖം പതിച്ച പരസ്യ ബോർഡുകളാണ്. അതിൽ എഴുതിയിരിക്കുന്നത് മറ്റാരാണ് എന്നാണ്. കേരളം ഭരിക്കാൻ അദ്ദേഹത്തിനു മാത്രമേ കഴിയുള്ളൂ എന്ന ധാരണയുള്ള ഒരു ദൈവമല്ല അദ്ദേഹം. കഴിവുള്ള ഒട്ടേറെ പേർ ഇവിടെയുണ്ട്. അവരുടെ ഉള്ളിൽ കേരളത്തിൻറെ ആത്മാവുണ്ട്.

വിനയവും സഹാനുഭൂതിയും അവരുടെ ഉള്ളിലുണ്ട്. താൻ മാത്രമാണ് ഇവിടെ ഭരിക്കാൻ ഉള്ളത് എന്ന് പറയുന്നതിലൂടെ എല്ലാ മലയാളികളെയും അപമാനിക്കുന്നതിന് തുല്യമാണ്. ഇത് ധാർഷ്ട്യത്തിൻറെ അങ്ങേയറ്റമാണ്.

ഈ പോസ്റ്ററുകളിലേക്ക് നോക്കുന്ന മലയാളി ഓരോ നിമിഷവും അപമാനിക്കപ്പെടുകയാണ്. ഈ ധാർഷ്ട്യത്തെയാണ് നമ്മൾ എതിർക്കുന്നതെന്നും രാഹുൽ കൂട്ടിച്ചേർത്തു.

# രഞ്ജിത്ത് നടിയെ ഫോണിൽ ബന്ധപ്പെട്ടു; വീണ്ടും കസ്റ്റഡിയിൽ ആവശ്യപ്പെടുമെന്ന് പോലീസ്

കൊച്ചി: ലൈംഗികാതിക്രമ കേസിൽ സംവിധായകൻ രഞ്ജിത്തിനെ വീണ്ടും കസ്റ്റഡിയിൽ ആവശ്യപ്പെടുമെന്ന് എറണാകുളം സിറ്റി പോലീസ് കമ്മിഷണർ. ഡിജിറ്റൽ തെളിവുകൾ ലഭിച്ച ശേഷം രഞ്ജിത്തിനെ കസ്റ്റഡിയിൽ ആവശ്യപ്പെടാനാണ് നീക്കം. അതിക്രമത്തിന് ശേഷം യുവനടിയെ രഞ്ജിത്ത് നടിയെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചിരുന്നതായി കൊച്ചി ഡിസിപി അശ്വതി ജിജി മാധ്യമങ്ങളോട് വ്യക്തമാക്കി.

രഞ്ജിത്തും യുവനടിയും കാരവാനിലേക്ക് എത്തിയതിൻറെ മൊഴികളുണ്ട് എന്നാണ് ഡിസിപി വ്യക്തമാക്കുന്നത്. സെറ്റിലെ ചിലർക്ക് കാര്യങ്ങൾ അറിയാമായിരുന്നു. അവരിൽ നിന്നും വിവരങ്ങൾ തേടും. ചിലരെ ചോദ്യം ചെയ്തു കഴിഞ്ഞു. രഞ്ജിത്തിനെ ഒളിവിൽ പോകാൻ സഹായിച്ച നടൻ ബോബി കുര്യൻ, അസിസ്റ്റൻറ് ഡയറക്ടർ ശാലിനി എന്നിവരെ കൂടുതൽ ചോദ്യം ചെയ്യും.

സംഭവത്തിന് പിന്നാലെ നടി സെറ്റിൽ നിന്നും പോയിരുന്നു. ഇതിന് പിന്നാലെ രഞ്ജിത്ത് നടിയെ ഫോണിൽ വിളിച്ചിരുന്നു. എന്നാൽ നടി ഫോൺ എടുത്തില്ല. സെറ്റിലേക്ക് നടിയെ തിരിച്ചു വിളിക്കാനാകാം ഫോൺ ചെയ്തത് എന്നാണ് ഡിസിപി പറയുന്നത്. പരാതി നൽകാൻ വൈകിയതിൽ അസ്വാഭാവികതയുണ്ടെന്ന് രഞ്ജിത്തിൻറെ അഭിഭാഷകൻ കഴിഞ്ഞ ദിവസം ആരോപിച്ചിരുന്നു.

എന്നാൽ ഇതിൽ യാതൊരു വിധ അസ്വാഭാവികതയും ഇല്ലെന്നും പോലീസ് പറഞ്ഞു. പ്രശസ്തിക്ക് വേണ്ടി സോഷ്യൽ മീഡിയയിലൂടെ അതിജീവിതയുടെ പേര് വെളിപ്പെടുത്തുന്നവർക്കെതിരെ ശക്തമായി നടപടി എടുക്കുമെന്നും പോലീസ് വ്യക്തമാക്കി. അതിജീവിതയുടെ പേര് വെളിപ്പെടുത്തിയ ഒരു യൂട്യൂബർക്കെതിരെ കേസ് എടുത്ത് അറസ്റ്റ് ചെയ്തിട്ടുണ്ട്. ജിനൂസ് 2.0 എന്ന യൂട്യൂബറാണ് അറസ്റ്റിലായത്.

അതേസമയം, രഞ്ജിത്തിനെ ഇന്നലെ ഫോർട്ട് കൊച്ചി ആസ്പിൻ വാൾ, സംഭവം നടന്ന കാരവാൻ എന്നിവിടങ്ങളിൽ എത്തിച്ച് തെളിവെടുപ്പ് നടത്തിയിരുന്നു. കഴിഞ്ഞ ജനുവരി 30ന് ആയിരുന്നു കേസിന് ആസ്പദമായ സംഭവം നടന്നത്. മാനസികമായി തകർന്ന നടി കൗൺസലിംഗിനും ട്രീറ്റ്മെന്റിനും ശേഷമാണ് കഴിഞ്ഞ 28ന് പരാതി നൽകിയത്.

പിന്നാലെ കൊച്ചി ഡിസിപി അശ്വതി ജിജിയുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ച് നടത്തിയ അന്വേഷണത്തിൽ രഞ്ജിത്ത് കുടുങ്ങി. സംവിധായകനെ ഞായറാഴ്ച മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കിയെങ്കിലും വീണ്ടും റിമാൻഡ് ചെയ്തിരുന്നു. ഇന്ന് വൈകിട്ട് നാലു വരെയാണ് രഞ്ജിത്തിൻറെ കസ്റ്റഡി കാലാവധി. ചൊവ്വാഴ്ച രാവിലെയാണ് രഞ്ജിത്തിൻറെ അപേക്ഷ പരിഗണിക്കുന്നത്.

# വോട്ടിംഗ് ദിവസം അപായപ്പെടുത്താൻ സാധ്യത; പോലീസ് സംരക്ഷണം തേടി ടി. കെ. ഗോവിന്ദൻ ഹൈക്കോടതിയിൽ

കൊച്ചി: പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജിയുമായി തളിപ്പറമ്പിലെ സ്വതന്ത്ര സ്ഥാനാർഥി ടി. കെ ഗോവിന്ദൻ. വോട്ടിംഗ് ദിവസം തന്നെ അപായപ്പെടുത്താൻ സാധ്യതയുണ്ട് എന്നാണ് ഗോവിന്ദൻ ഹർജിയിൽ ചൂണ്ടിക്കാട്ടുന്നത്. ഹർജിയിൽ സംസ്ഥാന പോലീസ് മേധാവിക്ക് ഹൈക്കോടതി നോട്ടീസ് നൽകി.

എന്നാൽ എല്ലാ സ്ഥാനാർഥികളും പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് വന്നാൽ കോടതി എന്തു ചെയ്യും എന്നാണ് മറുപടിയായി ജസ്റ്റീസ് ബെച്ചു കുര്യൻ ചോദിച്ചത്. തൻറെ കാര്യത്തിൽ സാഹചര്യം വ്യത്യസ്തമാണെന്ന് ടി. കെ. ഗോവിന്ദൻ കോടതിയെ അറിയിച്ചു. കഴിഞ്ഞ 60 വർഷമായി സിപിഎമ്മിൽ പ്രവർത്തിച്ച താൻ ഇത്തവണ സ്വതന്ത്രനായാണ് മത്സരിക്കുന്നത്.

പല തരത്തിലുള്ള ഭീഷണികൾ ഉയരുന്നുണ്ട്.

അപായപ്പെടുത്താനുള്ള സാഹചര്യമുണ്ടെന്ന ഭീഷണി സന്ദേശവും ലഭിച്ചിരുന്നു. അതിനാൽ തനിക്ക് സംരക്ഷണം വേണമെന്ന് ഗോവിന്ദൻ ആവശ്യപ്പെട്ടു. എന്നാൽ ജില്ലാപോലീസ് മേധാവിയുടെ നിർദേശത്തെ തുടർന്ന് ഗോവിന്ദന് സംരക്ഷണം നൽകുന്നുണ്ട് എന്നാണ് പോലീസ് കോടതിയെ അറിയിച്ചിരിക്കുന്നത്.

ഈ വിഷയത്തിൽ സംസ്ഥാന പോലീസ് മേധാവിയോട് ഹൈക്കോടതി വിശദീകരണം തേടി. നാളെ തന്നെ ഹർജിയിൽ നിലപാട് അറിയിക്കാനാണ് കോടതി ആവശ്യപ്പെട്ടിരിക്കുന്നത്. ടി. കെ. ഗോവിന്ദൻറെ ഹർജി ചൊവ്വാഴ്ച ഹൈക്കോടതി പരിഗണിക്കും.

## ശബരിമല സ്വർണക്കൊള്ള നടത്തിയവരെ ജയിലിലടയ്ക്കും: അമിത് ഷാ

ഹരിപ്പാട്: ശബരിമല സ്വർണക്കൊള്ള നടത്തിയവരെ ജയിലിലടയ്ക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. മുനമ്പത്തു 600 കുടുംബങ്ങളുടെ ഭൂമി നഷ്ടപ്പെടാതെ സംരക്ഷിച്ചതു എൽഡിഎഫും യുഡിഎഫുമല്ല, വഖഫ് ഭേദഗതി ബില്ലിലൂടെ ബിജെപി നേതൃത്വം നൽകുന്ന കേന്ദ്ര സർക്കാരാണെന്നു തെരഞ്ഞെടുപ്പ് പ്രചാരണ പ്രസംഗത്തിൽ അമിത് ഷാ ഓർമിപ്പിച്ചു. ഹരിപ്പാട് എത്തിയ അമിത് ഷാ എൻഡിഎ സ്ഥാനാർഥി സന്ദീപ് വാചസ്പതിയുടെ തെരഞ്ഞെടുപ്പ് പ്രചാരണാർഥം റോഡ് ഷോയിലും പങ്കെടുത്തു. തുറന്ന ജീപ്പിൽ സ്ഥാനാർഥിയോടൊപ്പം എഴിക്കകത്ത് ജംഗ്ഷൻ വഴി ടൗൺ ഹാൾ ജംഗ്ഷന് തെക്ക് ഭാഗത്തുള്ള എൻഡിഎ തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് വരെയായിരുന്നു റോഡ് ഷോ. തെയ്യം, പഞ്ചവാദ്യം തുടങ്ങിയ നാടൻ കലാരൂപങ്ങളുടെയും നൂറുകണക്കിന് പ്രവർത്തകരുടെയും അകമ്പടിയോടെയായിരുന്നു കേന്ദ്രമന്ത്രിയുടെ പര്യടനം.

## ട്വൻറി 20 യിൽ പൊട്ടിത്തെറി; പൂതൃക്ക പഞ്ചായത്ത് ഭരണം നഷ്ടപ്പെട്ടു

കൊച്ചി: ട്വൻറി 20യുടെ എൻഡിഎ പ്രവേശനത്തിൽ പ്രതിഷേധിച്ച് പൂതൃക്ക പഞ്ചായത്ത് പ്രസിഡൻറ് പൂജ ജോമോൻ പാർട്ടിവിട്ടു. തെരഞ്ഞെടുക്കപ്പെട്ട സ്ഥാനവും പാർട്ടി ഭാരവാഹിത്വവും ഒഴിഞ്ഞതായി പൂജ ജോമോൻ പറഞ്ഞു. ഇതോടെ ട്വൻറി 20ക്ക് പൂതൃക്ക പഞ്ചായത്ത് ഭരണവും നഷ്ടപ്പെട്ടു. യുഡിഎഫ് ഏഴ്, ട്വൻറി 20 ഏഴ് എന്നിങ്ങനെയായിരുന്നു കക്ഷിനില. തുടർന്ന് നറുക്കെടുപ്പിലൂടെ പഞ്ചായത്ത് ഭരണം ട്വൻറി 20 പിടിക്കുകയായിരുന്നു. സ്ഥാനം രാജിവച്ചതിനു പിന്നാലെ സാബു ജേക്കബിനെതിരെ രൂക്ഷവിമർശനവും അവർനടത്തി. മുമ്പ് പാർട്ടിയിൽ നിന്ന് രാജിവെച്ച ഒരാൾ സ്കൂൾ ബസ് ഇടിച്ച് മരണപ്പെട്ടിരുന്നു. ഇതിൽ അന്വേഷണം വേണമെന്നും പൂജ ജോമോൻ ആവശ്യപ്പെട്ടു.

## റോഡ് കുറുകെ കടക്കുന്നതിനിടെ കാറിടിച്ച് മരിച്ചു

വെഞ്ഞാറമൂട്: റോഡ് കുറുകെ കടക്കുന്നതിനിടെ വയോധികൻ കാറിടിച്ച് മരിച്ചു. വെഞ്ഞാറമൂട് തൈക്കാട് സമന്വയ നഗർ കെവിൻ വില്ലയിൽ ഡി. സാമുവൽ (76) ആണ് മരിച്ചത്.ഇന്നലെ രാവിലെ സമന്വയ നഗറിലായിരുന്നു അപകടം. റോഡ് മുറിച്ചു കടക്കാൻ ശ്രമിക്കുന്നതിനിടെ പോത്തൻകോട് ഭാഗത്തു നിന്നു വന്ന കാർ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ തെറിച്ചു വീണ് ഗുരുതരമായി പരിക്കേറ്റ സാമുവലിനെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരിച്ചു. ഭാര്യ: പരേതയായ കമലാഭായി. മക്കൾ: റോബർട്ട് സാം, ഹെലൻ കുമാരി, പരേതനായ ഡ്രമ്മണ്ട് സാം. മരുമക്കൾ: ഷീബ, ജോസ്, ഷിജി.

# നിയമപോരാട്ടം തുടർന്ന് അഞ്ജലി നായർ; പേരുമാറ്റം ആവശ്യപ്പെട്ട് വീണ്ടും ഹൈക്കോടതിയിൽ

കൊച്ചി: വാശിയേറിയ തെരഞ്ഞെടുപ്പ് പ്രചാരണം അവസാന ലാപ്പിലേക്ക് നീങ്ങുന്നതിനിടെ വോട്ടിംഗ് യന്ത്രത്തിലെ പേരുമാറ്റം ആവശ്യപ്പെട്ട് നിയമപോരാട്ടവുമായി തൃപ്പൂണിത്തുറയിലെ എൻഡിഎ സ്ഥാനാർഥി അഞ്ജലി നായർ. പേരുമാറ്റം ആവശ്യപ്പെട്ട് അഞ്ജലി നായർ ഇന്ന് വീണ്ടും ഹൈക്കോടതിയെ സമീപിക്കും.

അഞ്ജലി പി. വി. എന്ന ഔദ്യോഗിക പേരിന് പകരം അഞ്ജലി നായർ എന്നാക്കണമെന്നാണ് ആവശ്യം. നേരത്തെ ഹൈക്കോടതി ഇക്കാര്യം പരിഗണിക്കണമെന്ന് വരണാധികാരിയോട് നിർദേശിച്ചെങ്കിലും അനുകൂല നിലപാട് ഉണ്ടായില്ല. ഇതിന് പിന്നാലെയാണ് അഞ്ജലി വീണ്ടും കോടതിയെ സമീപിക്കുന്നത്.

വരണാധികാരി കഴിഞ്ഞ ദിവസം നടത്തിയ ഹിയറിംഗിൽ പേരുമാറ്റം സാധ്യമാകില്ലെന്ന് ഉത്തരവ് ഇറക്കിയിരുന്നു. ഇതിനെതിരെയാണ് അഞ്ജലി വീണ്ടും ഹൈക്കോടതിയെ സമീപിക്കുന്നത്. വർഷങ്ങളായി താൻ അറിയപ്പെടുന്നത് അഞ്ജലി നായർ എന്നാണ്. നാമനിർദേശ പത്രിക സമർപ്പിച്ചപ്പോൾ പേര് മാറ്റണം എന്ന അപേക്ഷയും നൽകിയിരുന്നു.

എന്നാൽ ആ അപേക്ഷ കാണാനില്ല എന്നാണ് പറയുന്നത്. പാർട്ടിയുടെ നിർദേശപ്രകാരമാണ് കേസുമായി മുന്നോട്ട് പോകുന്നത് എന്നാണ് അഞ്ജലിയുടെ പക്ഷം. അതേസമയം, പരസ്യപ്രചാരണങ്ങൾക്ക് അവസാനം കുറിച്ചുകൊണ്ട് നാളെയാണ് കലാശക്കൊട്ട്.

# വാടാനപ്പള്ളി കിറ്റ് വിവാദം; കേസെടുക്കണമെന്ന് കോടതി

തൃശൂർ: വാടാനപ്പള്ളി കിറ്റ് വിവാദത്തിൽ കേസെടുക്കണമെന്ന് കോടതി. കിറ്റിന് ഓർഡർ നൽകിയ ആളെ പ്രതിയാക്കി കേസെടുക്കാൻ ചാവക്കാട് മജിസ്ട്രേറ്റ് കോടതി പോലീസിന് നിർദേശം നൽകി. വാടാനപ്പള്ളിയിലെ ചാമ്പ്യൻ സൂപ്പർ മാർക്കറ്റിൽ ബിജെപി വിതരണത്തിനായി കിറ്റുകൾ സൂക്ഷിച്ചിരിക്കുന്നുവെന്ന ആരോപണം ഉയർന്നത്. കിറ്റുകൾ ഉണ്ടെന്ന് ആരോപിക്കപ്പെടുന്ന ഗോഡൗണിൻറെ മുകളിലെ മുറിയിൽ ബിജെപി നേതാവും നടനുമായ ദേവനെത്തിയതും വിവാദമായിരുന്നു. അതേസമയം കിറ്റുകൾ ഓർഡർ ചെയ്തത് സതീഷ് എന്നയാളാണെന്നും അദ്ദേഹത്തിൻറെ പാർട്ടി പശ്ചാത്തലം അറിയില്ലെന്നും ചാമ്പ്യൻസ് ഗോഡൗൺ മാനേജർ സുഭാഷ് പറഞ്ഞു. സതീഷ് ഏത് പാർട്ടിക്കാരനാണെന്ന് അറിയില്ല. കിറ്റുകൾ തയാറാക്കി തുടങ്ങുമ്പോഴാണ് പ്രശ്നം ഉണ്ടായതെന്നും സുഭാഷ് പറഞ്ഞു. കൊച്ചിയിലുള്ള പിആർ ഏജൻസിയാണ് കിറ്റിന് പിന്നിൽ പ്രവർത്തിച്ചതെന്നും കിറ്റിന് പുറമേ സാരി, പണം എന്നിവയും വിതരണം ചെയ്യുന്നുണ്ടെന്നും യുഡിഎഫ് സ്ഥാനാർഥി ടി. എൻ. പ്രതാപൻ ആരോപിച്ചു. സാരി വിതരണത്തിന് പേരുകൾ ചോദിച്ച് വോയിസ് മെസേജുകൾ വിവിധ ബിജെപി ഗ്രൂപ്പുകളിൽ വന്നിട്ടുണ്ട്. ഉത്തരേന്ത്യയിൽ കാണുന്നത് ഇവിടെ കാണുമ്പോൾ ഞെട്ടിപ്പോകുന്നുവെന്നും കിറ്റിന് പിന്നിലുള്ള ആളുകളെ കണ്ടെത്തണമെന്നും അദ്ദേഹം പറഞ്ഞു.

# പിഷാരടി തോൽക്കണമെന്നാണ് ഷാഫിയുടെ ആഗ്രഹം; പാലക്കാട്ട് യുഡിഎഫ് - ബിജെപി ഡീലുണ്ട്: ഇ. എൻ. സുരേഷ് ബാബു

പാലക്കാട്: നിയമസഭാ തെരഞ്ഞെടുപ്പിൽ പാലക്കാട് ജില്ലയിലെ ചില മണ്ഡലങ്ങളിൽ ബിജെപിയും കോൺഗ്രസും രഹസ്യ ഡീൽ ഉണ്ടാക്കിയിട്ടുണ്ടെന്ന് സിപിഎം ജില്ലാ സെക്രട്ടറി ഇ. എൻ. സുരേഷ് ബാബു. പാലക്കാട്ടെ യുഡിഎഫ് സ്ഥാനാർഥി രമേഷ് പിഷാരടി തോൽക്കണമെന്ന് കോൺഗ്രസിൽ ഏറ്റവുംകൂടുതൽ ആഗ്രഹിക്കുന്നത് ഷാഫി പറമ്പിലാണ്

ബിജെപി ജയിച്ചാലും എൽഡിഎഫ് ജയിക്കരുതെന്നാണ് കോൺഗ്രസിൻറെ നിലപാട്. ഇതോടെയാണ് റസാഖിന് പോകുന്ന വോട്ട് ബിജെപിയുടെ വിജയസാധ്യതയായി കോൺഗ്രസ് പ്രചരിപ്പിക്കുന്നത്. പാലക്കാട്ട് റസാഖ് ജയിക്കുമെന്നും യുഡിഎഫും ബിജെപിയും മത്സരിക്കുന്നത് രണ്ടാംസ്ഥാനത്തിന് വേണ്ടിയാണെന്നും സുരേഷ് ബാബു അവകാശപ്പെട്ടു. ഇവിടെ യുഡിഎഫും എൽഡിഎഫും തമ്മിൽ 6,000 വോട്ടിൻറെ വ്യത്യാസം മാത്രമാണുള്ളത്. ഷാഫിക്ക് പാലക്കാട്ട് ജയിക്കാമെങ്കിൽ എൻ. എം. ആർ. റസാഖിനും ജയിക്കാം. മലമ്പുഴയിൽ ദുർബലനായ സ്ഥാനാർഥിയെ യുഡിഎഫ് മത്സരിപ്പിക്കുന്നത് മണ്ഡലത്തിൽ എൻഡിഎയെ വിജയിപ്പിക്കാനാണ്. കോങ്ങാട് മണ്ഡലത്തിൽ ബിജെപിയുടെ ദുർബലപ്രചാരണം ഡീലിൻറെ ഭാഗമാണെന്നും സുരേഷ് ബാബു ആരോപിച്ചു.

## ഭാര്യയുമായി പിണങ്ങി വൈദ്യുതി പോസ്റ്റിൽ കയറി ഭീഷണിമുഴക്കിയ യുവാവിനെതിരേ കേസ്

പത്തനംതിട്ട: ഭാര്യയുമായി പിണങ്ങി 11 കെവി ട്രാൻസ്ഫോർമർ ലിങ്ക് വൈദ്യതി പോസ്റ്റിനു മുകളിൽ കയറി ആത്മഹത്യ ഭീഷണി മുഴക്കിയ യുവാവിനെതിരേ പോലീസ് കേസെടുത്തു. ചെന്നീർക്കര കരിപ്പുഴ ആരോമലിനെതിരേയാണ് (23) കേസ്. ഞായറാഴ്ച രാവിലെ 11 ഓടെയാണ് ഇയാൾ ചെന്നീർക്കര ഊന്നുകല്ല് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന 11 കെവി വൈദ്യുതി പോസ്റ്റിനു മുകളിലെത്തിയത്. കൈയിൽ ബ്ലേഡ് ഉൾപ്പെടെ കരുതിയിരുന്നു. ഭാര്യയും ബന്ധുക്കളും എത്തി അനുനയിപ്പിച്ച് താഴെയിറക്കാൻ ശ്രമിച്ചെങ്കിലും കഴിയാതെ വന്നതോടെ ഫയർഫോഴ്സിൽ വിവരം അറിയിച്ചു. പോലീസും ഫയർഫോഴ്സും ഇയാളെ താഴെയിറക്കാൻ ശ്രമിച്ചെങ്കിലും അനുനയത്തിനു തയാറായില്ല. കെഎസ്ഇബി ഉദ്യോഗസ്ഥരെത്തി വൈദ്യുതി വിച്ഛേദിച്ചതോടെ ഇയാൾ ലൈനിലേക്ക് കയറി. തുടർന്ന് ഫയർഫോഴ്സ് സേനാംഗങ്ങളായ എസ്. പ്രദീപ് കുമാർ, സി. രമേശ് കുമാർ, എസ്. മനോജ് എന്നിവർ പോസ്റ്റിൽ കയറുകയും റോപ്പിൻറെയും റസ്ക്യൂ നെറ്റിൻറെയും സഹായത്തോടെ സാഹസികമായി ഇയാളെ താഴെ എത്തിക്കുകയുമായിരുന്നു. ഇയാളെ ആശുപത്രിയിൽ പരിശോധനകൾക്കു വിധേയനാക്കി. ആത്മഹത്യ പ്രേരണ മുഴക്കിയ ആരോമലിനെതിരേ പോലീസ് കേസെടുത്തു.

# രാഷ്ട്രീയം പഠിപ്പിക്കാൻ വരേണ്ട; രാജീവ് ചന്ദ്രശേഖറിന് മറുപടിയുമായി വി. ഡി. സതീശൻ

തിരുവനന്തപുരം: യുഡിഎഫ് അധികാരത്തിലെത്തിയാൽ മുസ്‌ലിം ലീഗിന് ഉപമുഖ്യമന്ത്രി സ്ഥാനം നൽകാൻ ഡീലുണ്ടെന്ന രാജീവ് ചന്ദ്രശേഖറിൻറെ ആരോപണത്തിന് മറുപടിയായി വി. ഡി. സതീശൻ. രാജീവ് ചന്ദ്രശേഖർ രാഷ്ട്രീയം പഠിപ്പിക്കേണ്ട.

ഘടക കക്ഷികളുടെ കാര്യം നോക്കാൻ കോൺഗ്രസിന് അറിയാമെന്നും സതീശൻ പറഞ്ഞു.

രാജീവ് ചന്ദ്രശേഖർ സ്വന്തം പാർട്ടിയിലെ കാര്യം നോക്കട്ടെ. ഇങ്ങോട്ട് രാഷ്ട്രീയം പഠിപ്പിക്കാൻ വരേണ്ട. എന്താണ് രാജീവ് ചന്ദ്രശേഖറിൻറെ രാഷ്ട്രീയ പാരമ്പര്യം. അദ്ദേഹത്തെ കേരളത്തിലേക്ക് നൂലിൽ കെട്ടി ഇറക്കിയതല്ലേയെന്നും സതീശൻ പരിഹസിച്ചു.

സിപിഎം ശവം തീനികളാണെന്നും വി. ഡി. സതീശൻ ആവർത്തിച്ചു. ഉമ്മൻ ചാണ്ടി സർക്കാർ അഞ്ചു വർഷം കൊണ്ട് നാലര ലക്ഷത്തിലേറെ വീട് നൽകി. വിഴിഞ്ഞം, ഗെയിൽ ഉൾപ്പെടെയുള്ള പദ്ധതികൾ തുടങ്ങിയത് യുഡിഎഫ് സർക്കാരാണെന്നും അദ്ദേഹം പറഞ്ഞു.

# പ്രചാരണത്തിന് പര്യവസാനം, കലാശക്കൊട്ട്





## കോൺഗ്രസുകാർ ജയിച്ചാൽ ബിജെപിയിലേയ്ക്ക് പോകാൻ സാധ്യതയുണ്ട്; അതുകൊണ്ട് അബദ്ധം പറ്റരുത്: എം. സ്വരാജ്

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർഥികൾ ജയിച്ചാൽ ബിജെപിയിലേക്ക് പോകാൻ സാധ്യതയുണ്ടെന്ന് സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റംഗം എം. സ്വരാജ്. അതുകൊണ്ട് തന്നെ കേരളത്തിന് അബദ്ധം പറ്റരുതെന്ന് സ്വരാജ് പറഞ്ഞു.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കോൺഗ്രസ് എംഎൽഎമാർ വിലപേശി ബിജെപിയിലേക്ക് പോകുന്നത് പതിവായിരിക്കുകയാണ്. സ്ഥാനാർഥി മോഹം തലയ്ക്ക് പിടിച്ചവരാണ് സിപിഎമ്മിൽ നിന്ന് ബിജെപിയിലേക്ക് പോയതെന്നും സ്വരാജ് പറഞ്ഞു. വാർത്താസമ്മേളനത്തിലായിരുന്നു സ്വരാജിന്റെ പ്രതികരണം.

ബിജെപിയിലേക്കുള്ള വഴിയുടെ പേരായി കോൺഗ്രസ് മാറി. തെരഞ്ഞെടുപ്പിൽ തോറ്റാലും ജയിച്ചാലും ബിജെപിയിൽ ചേരുന്ന പാർട്ടിയായി കോൺഗ്രസ് മാറി ബിജെപിയിലേക്കുള്ള പാത ഇന്ന് കോൺഗ്രസ് എന്ന് അറിയപ്പെടുന്നു എന്നു മാത്രമെ ഉള്ളുവെന്നും സ്വരാജ് പറഞ്ഞു.

ബിജെപി അധികാരത്തിലെത്താൻ കോൺഗ്രസ് ജയിച്ചാലും മതിയെന്നാണ് ചരിത്രം. 2019ലും 2022ലും ഗോവയിൽ കൈപ്പത്തി അടയാളത്തിൽ മത്സരിച്ച് ജയിച്ച എംഎൽഎമാരാണ് ബിജെപിയിൽ ചേർന്നത്.

2016ൽ അരുണാചൽപ്രദേശിൽ കോൺഗ്രസ് സ്ഥാനാർഥികളായി മത്സരിച്ച് വിജയിച്ച 43 എംഎൽഎമാർ ബിജെപിയിൽ ചേർന്നു. 2019ൽ കർണാടകയിലും ഉത്തരാഖണ്ഡിലും കോൺഗ്രസ് എംഎൽഎമാരാണ് ബിജെപിയിൽ ചേർന്നതെന്ന് മറക്കരുതെന്നും സ്വരാജ് പറഞ്ഞു.

## എൻഡിഎക്ക് സീറ്റുകൾ ലഭിക്കാതിരിക്കാൻ ജാഗ്രത വേണം: സി. പി. എ. ലത്തീഫ്

പാലക്കാട്: എസ്ഡിപിഐ മത്സരിക്കാത്ത മണ്ഡലങ്ങളിൽ കൃത്യമായ രാഷ്ട്രീയ നിലപാട് സ്വീകരിച്ചിട്ടുണ്ടെന്ന് എസ്ഡിപിഐ സംസ്ഥാന പ്രസിഡൻറ് സി. പി. എ. ലത്തീഫ്. എൻഡിഎക്ക് സീറ്റുകൾ ലഭിക്കാതിരിക്കാൻ ജാഗ്രത വേണം. തങ്ങൾക്ക് സ്ഥാനാർഥികൾ ഇല്ലാത്ത മണ്ഡലങ്ങളിൽ ആർക്ക് വോട്ട് നൽകണമെന്ന് പ്രവർത്തകർക്ക് നിർദേശം നൽകി. ഒരു മുന്നണിയുമായും ഒരു സഖ്യവും എസ്ഡിപിഐയ്ക്കില്ലെന്നും സി. പി. എ. ലത്തീഫ് പറഞ്ഞു. എസ്ഡിപിഐ 36 മണ്ഡലങ്ങളിൽ മത്സരിക്കുന്നുണ്ട്. എസ്ഡിപിഐ ഒരു മുന്നണിയുടേയും ഭാഗമല്ല. ഒരു മുന്നണിയ്ക്ക് വേണ്ടിയും വോട്ട് ചോദിക്കില്ല. സമ്പൂർണമായ ഭരണ വിരുദ്ധ വികാരം സംസ്ഥാനത്തില്ലെന്നും അദ്ദേഹം പറഞ്ഞു.

## സംസ്ഥാനത്ത് ഭരണ വിരുദ്ധ വികാരമില്ല; ജനങ്ങൾ എൽഡിഎഫിനൊപ്പമാണ്: മുഖ്യമന്ത്രി

തിരുവനന്തപുരം: കേരളത്തിൻറെ മനസ് എൽഡിഎഫിനൊപ്പമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സാധാരണ തെരഞ്ഞെടുപ്പുകളിൽ കാണാറുള്ള ഭരണത്തിനെതിരെയുള്ള വികാരം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചവർക്ക് കടുത്ത നിരാശ ഉണ്ടാക്കുന്നതാണ് ജനങ്ങളിൽ നിന്നുള്ള പ്രതികരണമെന്നും അദ്ദേഹം പറഞ്ഞു. ഭരണവിരുദ്ധ വികാരം എവിടെയും പ്രകടമല്ലെന്നും പ്രതിപക്ഷത്തോടുള്ള അവിശ്വാസവും അസന്തുഷ്ടിയും കാണാനുമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. പ്രചാരണ രംഗത്ത് പ്രതിപക്ഷം അഴിച്ചുവിട്ട നുണ പ്രചാരണങ്ങൾ അവവർക്ക് തന്നെ തിരിച്ചടിയായെന്നും അദ്ദേഹം പറഞ്ഞു. 2021ൽ അവതരിപ്പിച്ച പ്രകടനപത്രികയിൽ 97 ശതമാനവും പൂർത്തീകരിച്ചാണ് ഇക്കുറി തിരഞ്ഞെടുപ്പിനെ നേരിടുന്നത്. അത് അഭിമാനകരമായ നേട്ടമാണ്. ചെയ്യാൻ പറ്റുന്നത് പറയുക പറയുന്നത് ചെയ്യുക. ഇത് കൃത്യമായി പാലിച്ചു പോകുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വികസനത്തിന് ഒപ്പം ജനങ്ങളുടെ ക്ഷേമവും സർക്കാർ നോക്കി. രണ്ടും ഒരുമിച്ച് കൊണ്ടുപോകാൻ കഴിഞ്ഞു. ആ മുന്നേറ്റം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഭാവി വികസനത്തിലും ശ്രദ്ധിക്കേണ്ട ഘട്ടമാണിത്. കേന്ദ്രത്തിൽ നിന്ന് അർഹമായ വിഹിതം കേരളത്തിന് ലഭിക്കുന്നില്ല. ഇത് വികസനത്തെ പ്രതികൂലമായി ബാധിച്ചു. എൽഡിഎഫിനെ എതിർക്കുന്ന മുന്നണിയിൽ ഉള്ളവർ പോലും കേരളത്തിൻറെ സ്ഥിരതയും സാമൂഹ്യ നീതിയും ആഗ്രഹിക്കുന്നുണ്ടെങ്കിൽ എൽഡിഎഫിന് വോട്ട് ചെയ്യണം അദ്ദേഹം പറഞ്ഞു.

## സുരേഷ് ഗോപിക്ക് ആശ്വാസം; തെരഞ്ഞെടുപ്പ് ചോദ്യംചെയ്ത ഹർജി ഹൈക്കോടതി തള്ളി

കൊച്ചി: തൃശൂരിലെ തെരഞ്ഞെടുപ്പ് ചോദ്യം ചെയ്തുകൊണ്ടുള്ള രണ്ടാമത്തെ ഹർജിയിൽ സുരേഷ് ഗോപിക്ക് ആശ്വാസം. ഹർജി ഹൈക്കോടതി തള്ളി. തൃശൂരിൽ സ്വതന്ത്ര സ്ഥാനാർഥിയായി ലോക്സഭയിലേക്ക് മത്സരിച്ച ജോഷി വില്ലടം നൽകിയ ഹർജിയാണ് തള്ളിയത്. ഹർജി നിലനിൽക്കില്ലെന്ന സുരേഷ് ഗോപിയുടെ വാദം അംഗീകരിച്ചുകൊണ്ടാണ് ഹർജി തള്ളിയത്.

തെരഞ്ഞെടുപ്പിൽ കൃത്രിമം ആരോപിച്ചാണ് ജോഷി വില്ലടം ഹർജി നൽകിയത്. ആരോപണങ്ങളിൽ വിശദമായ തെളിവെടുപ്പിൻറെ ആവശ്യമില്ലെന്നും പ്രഥമദൃഷ്ട്യാ ആരോപണത്തിൽ കഴമ്പില്ല എന്നാണ് ഹൈക്കോടതി കണ്ടെത്തിയിരിക്കുന്നത്. സുരേഷ് ഗോപിക്കെതിരെ രണ്ടു ഹർജികളാണ് ഉണ്ടായിരുന്നത്.

മതചിഹ്നം ഉപയോഗിച്ച് സുരേഷ് ഗോപി വോട്ട് തേടിയെന്ന ഹർജി ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. തൃശൂരിലെ ഒരു വോട്ടറാണ് ഈ ഹർജി നൽകിയത്. ഈ ഹർജി നിലനിൽക്കുമെന്ന് നേരത്തെ തന്നെ ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. ഹർജി തുടക്കത്തിൽ തന്നെ തള്ളണമെന്ന് ആവശ്യപ്പെട്ട് സുരേഷ് ഗോപി സമർപ്പിച്ച അപേക്ഷ ഏപ്രിൽ ഒന്നിന് ഹൈക്കോടതി തള്ളിയിരുന്നു.

## ഇടതു കേന്ദ്രങ്ങളിൽ നിന്നടക്കം വലിയ സ്വീകരണമാണ് ലഭിച്ചത്; ധർമടത്ത് യുഡിഎഫ് ജയിക്കും: വി. പി. അബ്ദുൾ റഷീദ്

കണ്ണൂർ: നിയമസഭാ തെരഞ്ഞെടുപ്പിൽ ധർമടത്ത് 15,000ൽ പരം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ ജയിക്കുമെന്ന് യുഡിഎഫ് സ്ഥാനാർഥി വി. പി. അബ്ദുൾ റഷീദ്. ശക്തിയേറിയ മത്സരവും ചെറിയ ലീഡുമാണ് ആദ്യം താൻ പ്രതീക്ഷിച്ചതെന്നും എന്നാൽ ഇടതുപക്ഷ കേന്ദ്രങ്ങളിൽ നിന്നടക്കം വലിയ സ്വീകരണമാണ് ലഭിച്ചത് എന്നും അബ്ദുൾ റഷീദ് പറഞ്ഞു. സ്വന്തം മണ്ഡലമായിട്ടും ജനങ്ങൾക്ക് വേണ്ടി മുഖ്യമന്ത്രിക്ക് ഒന്നും പൂർത്തീകരിക്കാനായിട്ടില്ല എന്നും അബ്ദുൾ റഷീദ് കുറ്റപ്പെടുത്തി. സംവാദത്തിന് ക്ഷണിച്ചിട്ട് പോലും മുഖ്യമന്ത്രി വന്നില്ല. ട്രഷറിയും വിദ്യാഭ്യാസ വകുപ്പ് ഓഫീസുമെല്ലാം വാടകക്കെട്ടിടത്തിലാണ്. ഒടുവിൽ അത് കണ്ണൂരിലേക്ക് മാറ്റുകയാണ്. ഏറ്റവും കൂടുതൽ സർക്കാർ ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് മുഖ്യമന്ത്രിയുടെ ഈ മണ്ഡലത്തിലാണ് എന്നും അബ്ദുൾ റഷീദ് പറഞ്ഞു. തൻറെ ഒപ്പം ഒരു അഞ്ച് മിനുട്ട് സംവാദത്തിന് ഇരിക്കാനും അബ്ദുൾ റഷീദ് മുഖ്യമന്ത്രിയെ ക്ഷണിച്ചു. അങ്ങനെയെങ്കിൽ 140 എംഎൽഎമാരിലെ ഏറ്റവും മോശം എംഎൽഎ ആയിരുന്നു അദ്ദേഹമെന്ന് ഞാൻ തെളിയിക്കാം. ജനങ്ങൾ തന്ന ആത്മവിശ്വാസമാണ് തനിക്ക് ഉള്ളതെന്നും അബ്ദുൾ റഷീദ് പറഞ്ഞു.

## അമ്പലപ്പുഴയിൽ തീവ്രവാദ സംഘടനകൾ ഇല്ല; ജി. സുധാകരൻറെ പരാതിയിൽ കഴമ്പില്ല: എസ്പി മോഹന ചന്ദ്രൻ

ആലപ്പുഴ: അമ്പലപ്പുഴയിൽ തീവ്രവാദ സംഘടനകളുടെ സാന്നിധ്യം ഉണ്ടെന്ന യുഡിഎഫ് സ്വതന്ത്ര സ്ഥാനാർഥി ജി. സുധാകരൻറെ പരാമർശം തള്ളി എസ്പി മോഹന ചന്ദ്രൻ. അമ്പലപ്പുഴയിൽ യാതൊരുവിധ ഭീഷണിയും ഇല്ലെന്നും സുധാകരൻറെ പരാതിയിൽ കഴമ്പില്ലെന്നും മോഹന ചന്ദ്രൻ പറഞ്ഞു.

പരാതിയിൽ പ്രാഥമിക അന്വേഷണം നടക്കുകയാണ്. ഇതുസംബന്ധിച്ച് ഐബി, സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ടുകളും ഇല്ല. കഴിഞ്ഞ ദിവസമാണ് അമ്പലപ്പുഴ ഡിവൈഎസ്പിക്ക് പരാതി കൈമാറിയതെന്നും മോഹന ചന്ദ്രൻ വ്യക്തമാക്കി.

അമ്പലപ്പുഴയിൽ തീവ്രവാദ സ്വഭാവമുള്ള സംഘടനകളുടെ സാന്നിധ്യം ഉണ്ടെന്നാണ് ജി. സുധാകരൻറെ പരാതി. തെരഞ്ഞെടുപ്പ് ദിവസം കലാപം ഉണ്ടാക്കാൻ ആസൂത്രണം നടക്കുന്നുണ്ട്. സിപിഐഎമ്മിൻറെ സഹായത്തോടെ എസ്ഡിപിഐയാണ് കലാപത്തിന് ശ്രമിക്കുന്നതെന്നും സുധാകരൻ ആരോപിച്ചിരുന്നു.

സിപിഎം എസ്ഡിപിഐ ജില്ലാ സെക്രട്ടറിമാർക്കെതിരെ പേരെടുത്ത് പറഞ്ഞാണ് പരാതി നൽകിയത്. അമ്പലപ്പുഴ ഡിവൈഎസ്പിക്കും, ചീഫ് ഇലക്ഷൻ കമ്മീഷ്ണർക്കുമാണ് സുധാകരൻ പരാതി നൽകിയത്.

## ഡാഷ് മോൻ പരാമർശം തിരുത്തി; വികസന നേട്ടങ്ങൾ അക്കമിട്ട് നിരത്തി മുഖ്യമന്ത്രി

തിരുവനന്തപുരം: തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡിക്കെതിരെയുള്ള ഡാഷ് മോൻ പരാമർശം തിരുത്തി പിണറായി വിജയൻ. രേവന്ത് റെഡ്ഡിയുടെ നീ പോ മോനേ വിജയാ എന്ന പരാമർശത്തിന് മറുപടിയായി മുഖ്യമന്ത്രി പിണറായി വിജയൻ തെലങ്കാന മുഖ്യമന്ത്രിക്ക് കത്ത് നൽകി.

ഡിയർ ശ്രീ രേവന്ത് റെഡ്ഡി എന്ന അഭിസംബോധനയോടെ തുടങ്ങുന്ന കത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ അക്കമിട്ട് മുഖ്യമന്ത്രി നിരത്തുന്നുണ്ട്.

പോകും മുന്നോട്ട് തന്നെ പോകും നവകേരള സൃഷ്ടിയിലൂടെ, എല്ലാവർക്കും മാതൃക കാട്ടി മുന്നോട്ട് തന്നെ പോകും എന്ന് പറഞ്ഞു കൊണ്ടാണ് കത്ത് അവസാനിപ്പിക്കുന്നത്.

നീ പോ മോനേ വിജയാ എന്ന രേവന്ത് റെഡ്ഡിയുടെ വിളിക്ക് മറുപടിയുമായി പിണറായി വിജയൻ രംഗത്തുവന്നിരുന്നു. മുഖ്യമന്ത്രി എന്ന നിലയിൽ രേവന്ത് റെഡ്ഡി പാലിക്കേണ്ട ചില മര്യാദകളുണ്ട്.

അദ്ദേഹം അത് കാണിക്കുന്നുണ്ടോ എന്ന് പരിശോധിക്കണമെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്.

ഡാഷ് മോനേ രേവന്തേ മറുപടി വരുന്നുണ്ട് എന്ന് മാത്രമേ പറയുന്നുള്ളൂവെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു. ഇത് കോൺഗ്രസ് വലിയ വിവാദമാക്കിയിരുന്നു.

## ഉത്സവത്തിനിടെ ആനയിടഞ്ഞു; പാപ്പാനെ ചവിട്ടിക്കൊന്നു

പാലക്കാട്: ഉത്സവത്തിനിടെ ഇടഞ്ഞ ആന പാപ്പാനെ ചവിട്ടിക്കൊന്നു. പാലക്കാട് തടുക്കശേരി നാഗൻ കുളങ്ങര ക്ഷേത്രോത്സവത്തിനിടെയുണ്ടായ സംഭവത്തിൽ പാപ്പാൻ രാമൻ ആണ് മരിച്ചത്. കൊല്ലങ്കോട് ഗോവിന്ദൻ കുട്ടിയെന്ന ആനയാണ് ഇടഞ്ഞത്. പകൽ ശീവേലിക്കിടെ തെക്കും ഭാഗം ദേശം എഴുന്നെള്ളിച്ച ആനയാണ് ഇടഞ്ഞത്. വിരണ്ടോടിയ ആന സമീപത്തെ വീടുകളിലേക്ക് കയറാൻ ശ്രമിച്ചിരുന്നു. ഇതിനിടെ തളയ്ക്കാൻ ശ്രമിക്കുന്നതിനിടെയാണ് അപകടം സംഭവിച്ചത്. ഗുരുതരമായി പരിക്കേറ്റ പാപ്പാനെ പത്തിരിപ്പാല സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം പാലക്കാട് ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. അതേസമയം ഇടഞ്ഞ ആനയെ തളയ്ക്കാനുള്ള ശ്രമം തുടരുകയാണ്.

## ആവേശം കൊട്ടിക്കയറുന്നു; റോഡ് ഷോകളുമായി സ്ഥാനാർഥികൾ

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം അവസാനിക്കാൻ മണിക്കൂറുകൾ മാത്രം ശേഷിക്കെ റോഡ് ഷോകളുമായി സ്ഥാനാർഥികൾ കളം നിറയുന്നു. പലയിടത്തും കൊട്ടിക്കലാശത്തിൻറെ ആവേശം തുടങ്ങിക്കഴിഞ്ഞു.

തിരുവനന്തപുരത്തെ വട്ടിയൂർക്കാവ്, നേമം അടക്കമുള്ള മണ്ഡലങ്ങളിലും മറ്റിടങ്ങളിലും കൊട്ടിക്കലാശത്തിൻറെ ആവേശം നേരത്തെ തന്നെ തുടങ്ങി കഴിഞ്ഞു. ബാൻഡ് മേളവും ചെണ്ടമേളവും നിശ്ചല ദൃശ്യങ്ങളുമൊക്കെയായി കലാശക്കൊട്ട് പൂരമാക്കി മാറ്റുകയാണ് മുന്നണികൾ.

പ്രളയ വിവാദത്തിൽ സർക്കാരിനെതിരായ പ്രതിഷേധത്തിൻറെ ഭാഗമായി തിരുവല്ലയിലും ആറന്മുളയിലും യുഡിഎഫിൻറെ കൊട്ടിക്കലാശം ഉണ്ടാകില്ല. ഇതിന് പകരം കുത്തിയിരുന്ന് പ്രതിഷേധിക്കാനാണ് തീരുമാനം. അതുപോലെ പുതുപ്പള്ളിയിലും കൊട്ടിക്കലാശം ഉണ്ടാകില്ലെന്നും ചാണ്ടി ഉമ്മൻ നേരത്തെ പറഞ്ഞിരുന്നു. അതിൻറെ പണം കൊണ്ട് ഒരു വീട് നിർമിച്ചു നൽകുമെന്നും ചാണ്ടി ഉമ്മൻ നേരത്തെ വ്യക്തമാക്കിയിരുന്നു. 2.71 കോടി വോട്ടർമാരാണ് മറ്റന്നാൾ അടുത്ത അഞ്ചുവർഷം ആര് ഭരിക്കുമെന്നതിൻറെ വിധിയെഴുതുക. വലിയ പ്രതീക്ഷയിലാണ് മൂന്ന് മുന്നണികളും.

95ശതമാനം പോസ്റ്റൽ വോട്ടുകൾ പൂർത്തിയായെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ഇന്ന് വൈകുന്നേരം ആറിന് പരസ്യപ്രചാരണത്തിന് കൊടിയിറങ്ങും.

നാളെ നിശബ്ദ പ്രചാരണമായിരിക്കും. വ്യാഴാഴ്ച രാവിലെ ഏഴുമുതൽ വൈകുന്നേരം ആറുവരെയാണ് വോട്ടെടുപ്പ്.

## മദ്യശാലകൾ ഇന്നു വൈകുന്നേരം ആറിന് അടയ്ക്കും; രണ്ടുദിവസത്തേക്ക് ഡ്രൈ ഡേ

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മദ്യശാലകൾ ഇന്നു വൈകുന്നേരം ആറിന് അടയ്ക്കും. ചൊവ്വാഴ്ച വൈകുന്നേരം മുതൽ വോട്ടെടുപ്പ് അവസാനിക്കുന്ന വ്യാഴാഴ്ച വൈകുന്നേരം ആറുവരെയാണ് മദ്യവിൽപ്പനയ്ക്ക് നിരോധനമുള്ളത്.

ഏതെങ്കിലും മണ്ഡലങ്ങളിലോ പോളിംഗ് ബൂത്തുകളിലോ റീപോളിംഗ് ആവശ്യമായാൽ റീപോളിംഗ് നടക്കുന്ന ദിവസം ആ മേഖലകളിലും ഡ്രൈ ഡേയായിരിക്കും. വോട്ടെണ്ണൽ ദിനമായ മേയ് നാലിനും മദ്യശാലകൾ പ്രവർത്തിക്കില്ല. ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 135 സി പ്രകാരം, വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുമ്പ് മുതൽ യാതൊരുവിധ ലഹരിപദാർത്ഥങ്ങളും വിൽക്കാനോ വിതരണം ചെയ്യാനോ പാടില്ലെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷൻറെ ഉത്തരവ്. മദ്യഷാപ്പുകൾ, ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, ക്ലബുകൾ തുടങ്ങി മദ്യം വിളമ്പുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഈ നിരോധനം ബാധകമാണ്.

## സംവാദത്തിന് ഇനിയും സമയമുണ്ട്; രാജീവ് ചന്ദ്രശേഖറിനെ വീണ്ടും വെല്ലുവിളിച്ച് വി. ശിവൻകുട്ടി

തിരുവനന്തപുരം: നേമത്തെ എൻഡിഎ സ്ഥാനാർഥി രാജീവ് ചന്ദ്രശേഖറിനെ വികസന സംവാദത്തിന് വീണ്ടും വെല്ലുവിളിച്ച് വി. ശിവൻകുട്ടി. ഇന്ന് വൈകുന്നേരം നാലുവരെ സമയമുണ്ട്. എവിടെവെച്ചാണെങ്കിലും സംവാദത്തിന് തയാറാണെന്നും ശിവൻകുട്ടി പറഞ്ഞു.

അഞ്ച് വർഷം കൊണ്ട് 900 കോടിയുടെ വികസനമാണ് താൻ നടപ്പിലാക്കിയത്. രാജീവ് ചന്ദ്രശേഖർ കാര്യങ്ങൾ മനസിലാക്കില്ലെന്നും സത്യവുമായി ഒരു ബന്ധമില്ലാത്ത കാര്യങ്ങളാണ് ആരോപിക്കുന്നതെന്നും ശിവൻകുട്ടി വ്യക്തമാക്കി. ബിജെപി പുറത്തിറക്കിയ മാർഗരേഖ തട്ടിക്കൂട്ടാണ്. താൻ നടപ്പിലാക്കിയ പദ്ധതികളും ബിജെപിയുടെ മാർഗരേഖയിലുണ്ട്. തനിക്ക് ഭരണാനുമതി കിട്ടിയ പദ്ധതികളും ബിജെപി ഉൾപ്പെടുത്തിയെന്നും ശിവൻകുട്ടി പറഞ്ഞു. മണ്ഡലത്തിൽ പണം ഒഴുക്കുകയാണ് രാജീവ് ചന്ദ്രശേഖർ. രാജീവിനൊപ്പം മത്സരിക്കാൻ കഴിയുന്നത് അദാനിക്ക് മാത്രമാണ്. താൻ കാശ് കൊടുത്തിട്ട് എംപി സ്ഥാനം വാങ്ങിച്ചിട്ടില്ല. തൻറെ ആസ്തിവിവരം ആർക്കും പരിശോധിക്കാം. അമ്മായിയപ്പനെ ചതിച്ച ശീലം തനിക്കില്ലെന്നും ശിവൻകുട്ടി പറഞ്ഞു.

## ആനയ്ക്കാംപൊയിലിൽ ഓട്ടോറിക്ഷ നിയന്ത്രണംവിട്ടു മറിഞ്ഞു; ദമ്പതികൾക്ക് ദാരുണാന്ത്യം

കോഴിക്കോട്: ആനയ്ക്കാംപൊയിൽ – പുല്ലൂരാംപാറ റോഡിൽ തേക്കിൻതോട്ടം മാനേജർ ഇറക്കത്തിൽ ഓട്ടോറിക്ഷ നിയന്ത്രണം വിട്ട് വൈദ്യുതപോസ്റ്റിൽ ഇടിച്ചു മറിഞ്ഞ് ദമ്പതികൾ മരിച്ചു. ആനയ്ക്കാംപൊയിൽ പുത്തൻപുരയിൽ ഷിജു, ഭാര്യ ബിൻസി എന്നിവരാണ് മരിച്ചത്.

തിരുവമ്പാടിയിൽ ടെക്സ്റ്റയിൽസ് ഷോപ്പ് ജീവനക്കാരിയായ ബിൻസിയെ കൊണ്ടുവിടാൻ പോകുന്ന വഴിയായിരുന്നു അപകടം. ഉടൻ തന്നെ നാട്ടുകാർ ഓമശേരിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

നൂറാംതോട് കൈതക്കാവിൽ കുടുംബാംഗമാണ് ബിൻസി. മക്കൾ: അതുൽ, അമേയ (ഇരുവരും വിദ്യാർഥികൾ).

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കുഴൽനാടന്റെ ആരോപണം ഗൗരവമായി അന്വേഷിക്കണമെന്ന് സതീശൻ



എൻഡിഎ സ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പൊതുയോഗം ഉദ്ഘാടനം ചെയ്യാനെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ, സ്ഥാനാർഥികളായ ഗിരീഷ് നെയ്യാർ (പാറശാല), പി.കെ.കൃഷ്ണദാസ് (കാട്ടാക്കട), ചെങ്കൽ എസ്. രാജശേഖരൻ നായർ (നെയ്യാറ്റിൻകര), വിവേക് ഗോപൻ (അരുവിക്കര) എന്നിവർക്കൊപ്പം പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്നു

കൊച്ചി: മാത്യു കുഴൽനാടൻ ഉയർത്തിയത് ഗുരുതരമായ ആരോപണമാണെന്നും ഗൗരവമായി അന്വേഷിക്കണമെന്നും പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. മന്ത്രി കൃഷ്ണൻകുട്ടിയുടെ ശബ്ദരേഖ നേരത്തെ താൻ കേട്ടതാണെന്നും വി. ഡി. സതീശൻ വ്യക്തമാക്കി. ശബ്ദരേഖ കേൾപ്പിച്ചയാൾ തന്നില്ല. തെളിവ് ഇല്ലാത്തതു കൊണ്ടാണ് ആരോപണം ഉന്നയിച്ച് രംഗത്തെത്താതിരുന്നത് എന്നാണ് സതീശൻ പറയുന്നത്. മാത്യു കുഴൽനാടൻ ഉയർത്തിയത് ഗുരുതരമായ ആരോപണം. ഇത് ഗൗരവമായി അന്വേഷിക്കണം. മന്ത്രി രാജി വയ്ക്കണം. പ്രളയത്തിൽ എത്ര പേരാണ് മരിച്ചത്. എത്ര പേരാണ് ദുരിതത്തിലായത്. ഇതിനൊക്കെ ആര് കണക്ക് പറയും. മുൻമന്ത്രിക്ക് ഉത്തരവാദിത്വമുണ്ടെന്ന് വേറൊരു മന്ത്രി പറയുകയാണ്. രണ്ടും ഒരേ പാർട്ടിയിലെ മന്ത്രിമാർ. ഗുരുതരമായ ആരോപണമാണിതെന്നും സതീശൻ കൂട്ടിച്ചേർത്തു.

'പലരെയും സഹായിക്കാൻ വേണ്ടി ഡാം മാനേജ്മെൻറ് അട്ടിമറിച്ചുവെന്ന് ഈ മന്ത്രിസഭയിലെ ഒരു മന്ത്രി അന്നത്തെ മന്ത്രിസഭയിലെ മന്ത്രിക്കെതിരെ ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. ഞാൻ ഈ ശബ്ദരേഖ നേരത്തെ കേട്ടതാണ്. പക്ഷെ ഇത് കേൾപ്പിച്ചയാൾ എനിക്ക് തന്നില്ല. എൻറെ കൈയിൽ തെളിവ് ഇല്ലാത്തതു കൊണ്ട് ഞാൻ ആരോപണം ഉന്നയിച്ചില്ല. ഇത് കൃഷ്ണൻകുട്ടിയുടെ ശബ്ദമല്ലെന്ന് തെളിയിക്കാൻ ഞാൻ വെല്ലുവിളിക്കുന്നു'- വി. ഡി. സതീശൻ പറഞ്ഞു.

അതേസമയം, കേരളത്തെ തകർത്ത 2018ലെ പ്രളയം മനുഷ്യനിർമിതമെന്ന് ആരോപിച്ചുകൊണ്ടാണ് മാത്യു കുഴൽനാടൻ കെ. കൃഷ്ണൻകുട്ടിയുടെ ശബ്ദരേഖ പുറത്തു വിട്ടത്. ഡാമുകൾ തുറക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ അഴിമതിയെന്നാണ് ശബ്ദരേഖയിൽ. തോട്ടപ്പള്ളി സ്പിൽവേ തുറക്കാത്തിരുന്നത് മേരി മാതാ കൺസ്ട്രക്ഷൻ കമ്പനിക്ക് വേണ്ടിയാണെന്നും ഇതിൽ മാത്യു ടി. തോമസിന് പങ്കുണ്ടെന്നുമാണ് കൃഷ്ണൻകുട്ടി പറയുന്നത്. എന്നാൽ ശബ്ദരേഖ തൻറേതല്ലെന്നും എഐ നിർമ്മിതമാണെന്ന സംശയമുണ്ട് എന്നുമാണ് കൃഷ്ണൻകുട്ടി പറയുന്നത്. അങ്ങനെ പറഞ്ഞതായി ഓർമയില്ലെന്നും നിയമനടപടി സ്വീകരിക്കുമെന്നും കൃഷ്ണൻകുട്ടി പറഞ്ഞു. ഇതെല്ലാം തെരഞ്ഞെടുപ്പിന് വേണ്ടിയുണ്ടാക്കിയ ഓഡിയോയാണ്. എഐ കൊണ്ട് ആരുടെ സൗണ്ട് പോലും വളരെ ഭംഗിയായി നിർമിക്കും. ഈ ഓഡിയോ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും കൃഷ്ണൻകുട്ടി ആവശ്യപ്പെട്ടു.

# കേരളം നാളെ പോളിങ് ബൂത്തിലേക്ക്

കേരളം പോളിങ് ബൂത്തിലേക്ക് എത്തിച്ചേരാൻ ഒരു ദിവസം മാത്രം അവശേഷിക്കെ പോളിങ്ങിൽ ഹരിത ചട്ടം കർശനമായി പാലിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ വിപുലമായ തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു.

പോളിംഗ് ബൂത്തുകളിലും വിതരണസ്വീകരണ കേന്ദ്രങ്ങളിലുമുള്ള എല്ലാ പ്രവർത്തനങ്ങളിലും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പൂർണമായും ഒഴിവാക്കും. പ്ലാസ്റ്റിക്, തെർമോകോൾ ഉപകരണങ്ങൾ ഒഴിവാക്കി സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളുമാണ് പൊതുവിൽ ബുത്തുകളിൽ ഉപയോഗിക്കുന്നത്. ഇതിന് കുടുംബശ്രീ യൂണിറ്റുകളുടെ സഹായം വിവിധ ജില്ലകളിൽ നല്കുന്നുണ്ട്. പൊതുവായ കുടിവെള്ള വിതരണ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

വോട്ടെടുപ്പിന്റെ ഭാഗമായുണ്ടാകുന്ന മാലിന്യസംസ്കരണത്തിനും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ഓരോ ബൂത്തിലും മാലിന്യം വേർതിരിച്ച് ശേഖരിക്കുന്നതിന് ബിന്നുകൾ സ്ഥാപിക്കുകയും ഹരിതകർമസേനയുടെ സേവനം ഉപയോഗപ്പെടുത്തി ശാസ്ത്രീയസംസ്കരണം ഉറപ്പാക്കുകയും ചെയ്യും. മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ നിർദേശമനുസരിച്ച് ശുചിത്വ മിഷന്റെയും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെയും ആഭിമുഖ്യത്തിൽ പോളിംഗ് കേന്ദ്രങ്ങളിലും പരിസരങ്ങളിലും ശുചിത്വം ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

എല്ലാ ജില്ലകളിലും ഹരിതചട്ടം പാലിക്കുന്നതിനും എല്ലാവരും വോട്ടവകാശം ഉപയോഗിക്കുന്നതിനും തനതായ വിവരവിജ്ഞാന പ്രവർത്തനങ്ങളും നടന്നുവരുന്നു. കഴിഞ്ഞ മൂന്നാഴ്ച്ചയായി വിവിധ ജില്ലകളിൽ ഹരിതചട്ടപാലനത്തിനായി 'ഗ്രീൻ ബട്ടൺ' എന്ന ക്യാംപയിനും നടത്തി.

പോളിങ്ങുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ 'വാർഡ്രോബിൽ ഐഡൽ, പോളിങ് ബൂത്തിൽ വൈറൽ' എന്ന ആശയത്തോടെ പഴയ വസ്ത്രങ്ങൾ ഉപയോഗിച്ച് 'ഗ്രീൻ മൊബൈൽ കീപ്പിങ് പൗച്ചുകൾ' നിർമ്മിക്കുന്ന നവീന പദ്ധതി നടപ്പാക്കുന്നു. കുടുംബശ്രീ യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന ഈ പൗച്ചുകൾ, മൊബൈൽ ഫോൺ ഉപയോഗ നിരോധന മേഖലയായ പോളിംഗ് ബൂത്തുകളിലേക്ക് എത്തുന്ന വോട്ടർമാർക്ക് മൊബൈൽ ഫോണുകൾ സുരക്ഷിതമായി സൂക്ഷിക്കാൻ സഹായകരമാകും. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽനിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗിച്ച് തയ്യാറാക്കിയ 'ഇലക്ഷൻ സുവനീർ', പോളിഎത്തിലിൻ ബാനറുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച ചെടിച്ചട്ടികൾ തുടങ്ങിയവയും ജില്ലയിൽ ശ്രദ്ധേയമായി.

വയനാട് ജില്ലയിൽ പരിസ്ഥിതിസൗഹൃദ സന്ദേശം ശക്തിപ്പെടുത്തുന്നതിനായി കോറത്തുണി ബാനറുകൾ ഉപയോഗിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി. പാലക്കാട് ജില്ലയിൽ 'ഹരിത ബട്ടൺ' ക്യാമ്പയിൻ ബോധവത്കരണത്തിന്റെ ഭാഗമായി കാളവണ്ടി റാലിയും സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലയിൽ ഹരിതചട്ടം പാലിച്ചുകൊണ്ടുള്ള തിരഞ്ഞെടുപ്പ് ഉറപ്പിക്കനായി എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു. കളക്ടറുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകൾ ഹരിതചട്ടം പാലിക്കുന്നത് നിരീക്ഷിക്കും.

എല്ലാ ജില്ലകളിലും ബൂത്തുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ വിവിധ ജില്ലകളിൽ മാതൃകാ ഹരിത ബൂത്തുകളും പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്. കണ്ണൂരിൽ സവിശേഷ തീമിനെ അടിസ്ഥാനമാക്കിയുള്ള ഹരിത ബൂത്തുകളാണ് ഒരുങ്ങുന്നത്. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഗ്രീൻ കഫേകളും വിവിധ ജില്ലകളിൽ പ്രവർത്തിക്കും. കോഴിക്കോട്, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ വിതരണ കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പരിശോധനകൾ നടത്തും. മറ്റു ജില്ലകളിലും പരിശോധനകൾക്കുള്ള സ്ക്വാഡുകൾക്ക് രൂപം നല്കിയിട്ടുണ്ട്.

പ്രിന്റിങ് വസ്തുക്കളുടെ വിതരണ കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രത്യേക പരിശോധനകൾ തുടരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനമാകെ 5374 ഹരിത ചട്ട ലംഘന പരിശോധനകളിലായി 835350/ രൂപ പിഴ ചുമത്തിയിട്ടുണ്ട്.

തിരഞ്ഞെടുപ്പ് ശാസ്ത്രീയ മാലിന്യപരിപാലനവും പരിസ്ഥിതിസംരക്ഷണവും ജനപങ്കാളിത്തവും ഏകോപിപ്പിക്കുന്ന ഒരു മാതൃകയാക്കുകയാണ് ലക്ഷ്യമെന്നും അതിനായി എല്ലാ വോട്ടർമാരും രാഷ്ട്രീയപ്പാർട്ടി പ്രവർത്തകരും സഹകരിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂടീവ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ് അഭ്യർത്ഥിച്ചു.

# ചുവന്ന കൊടി കാണിച്ച് വികസനം തടയരുത്: ശശി തരൂർ

തിരുവനന്തപുരം : കോൺഗ്രസ് അധികാരത്തിൽ എത്തിക്കഴിയുമ്പോൾ ചുവന്ന കൊടിയുമായി വികസനം മുടക്കാൻ എൽഡിഎഫ് വരരുതെന്ന് കോൺഗ്രസ് നേതാവ് ശശി തരൂർ എംപി. നാടിന്റെ നന്മയക്കുവേണ്ടി ഞങ്ങൾ പ്രവർത്തിക്കുമ്പോൾ നിങ്ങളുടെ ചുവന്ന കൊടി കാണിച്ചിട്ട് ഹർത്താലും വിഷയങ്ങളും ഒന്നും കൊണ്ടുവരരുതെന്നും ശശി തരൂർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. "കഴിഞ്ഞ തവണ പല കാര്യങ്ങളെയും എതിർത്തിട്ടു നിങ്ങൾ വന്നപ്പോൾ അതൊക്കെ തന്നെ മുന്നോട്ടു കൊണ്ടുപോയി. ഈ വരുന്ന 5 വർഷം ദയവു ചെയ്തു നിങ്ങൾ സഹകരിക്കണം. നടപ്പാക്കാൻ കഴിയുമെന്ന് ഉറപ്പുള്ളതുകൊണ്ടാണ് ഗ്യാരന്റികൾ നൽകിയത്. അതു നടപ്പാക്കുകയും ചെയ്യും.

കേരളത്തിൽ കോൺഗ്രസ് ജയിച്ചാൽ ദേശീയ തലത്തിൽ ദോഷം ചെയ്യുമെന്ന് ബിജെപിക്ക് ആശങ്കയുണ്ട്. നിലവിൽ ഭരണമില്ലാത്ത ഒരു സംസ്ഥാനം പിടിച്ചെടുത്താൽ കേന്ദ്രത്തെ എതിർക്കാൻ ഞങ്ങൾക്കു വലിയ ഊർജമാകും. അതുകൊണ്ട് അതിനെ തടയാൻ സിപിഎമ്മിന്റെ വിജയത്തിനായി ചില നിലപാടുകളാണ് ബിജെപി സ്വീകരിക്കുന്നത്. തീർത്തും ദുർബലരായ സ്ഥാനാർഥികൾക്കു പലയിടങ്ങളിലും സീറ്റ് നൽകിയതു കാണുമ്പോൾ അതു സ്പഷ്ടമാണ്. അതുകൊണ്ടാണ് ഡീൽ ആരോപണം വന്നത്. അവർ തമ്മിൽ എന്ത് ഡീൽ ഉണ്ടാക്കിയാലും കുഴപ്പമില്ല. ഞങ്ങളുടെ ഡീൽ ജനങ്ങളുമായാണ്. യുവാക്കളുടെ ഉൾപ്പെടെ ഭാവിയെക്കുറിച്ചു ചിന്തിക്കുന്ന ഒരു മികച്ച സർക്കാർ ആണ് ഞങ്ങളുടെ ഗ്യാരന്റി" ശശി തരൂർ പറഞ്ഞു. പശ്ചിമഘട്ടം, സംരക്ഷിത വനങ്ങളുടെ ബഫർ സോൺ എന്നിവയുമായി ബന്ധപ്പെട്ട് ഇടതുമുന്നണിയുടെ പ്രകടന പത്രിക പാടേ തിരുത്തിയതിനു പിന്നാലെ മുന്നണിയോട് പത്തു ചോദ്യങ്ങളുമായി കേരള ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസോസിയേഷൻ (കിഫ). 'വനത്തിനുള്ളിൽ ബഫർ സോൺ കൊണ്ടു വരാനാണ് ആലോചിക്കുന്ന'തെന്ന് ആദ്യം പ്രകടന പത്രികയിൽ പറഞ്ഞ എൽഡിഎഫ്, 'പ്രദേശവാസികളെ വിശ്വാസത്തിലെടുത്ത് ബഫർ സോൺ നിയന്ത്രണങ്ങൾ നടപ്പിലാക്കും' എന്നു തിരുത്തിയതു സംബന്ധിച്ചാണ് കിഫയുടെ ചോദ്യങ്ങൾ. ഏതു നിയമപ്രകാരമാണ് വനത്തിനുള്ളിൽ ബഫർ സോൺ കൊണ്ടുവരുവാൻ എൽഡിഎഫ് ആലോചിച്ചിരുന്നതെന്ന് വ്യക്തമാക്കണമെന്ന് കിഫ ആവശ്യപ്പെട്ടു.

# ജനാധിപത്യത്തിന്റെ മഹോത്സവത്തിൽ പങ്കാളികളാവൂ; ഓരോ വോട്ടും കരുത്തുറ്റ നാളെയ്ക്കായി

ഡോ. രത്തൻ യു. കേൽക്കർ ഐ. എ. എസ്
(മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം)

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ കരുത്ത് അതിന്റെ ഓരോ പൗരന്റെയും കൈയ്യിലുള്ള വോട്ടവകാശമാണ്. ഈ സമ്മതിദാനാവകാശം വിനിയോഗിക്കുക എന്നത് കേവലം ഒരു അവകാശമല്ല, മറിച്ച് രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നതിലുള്ള നമ്മുടെ ഉത്തരവാദിത്തം കൂടിയാണ്. തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ സുതാര്യവും ജനകീയവുമാക്കാൻ 'സമ്മതിദായക കേന്ദ്രീകൃതമായ' വിപുലമായ തയ്യാറെടുപ്പുകളാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം കേരളത്തിൽ പൂർത്തിയാക്കിയിരിക്കുന്നത്. ഏപ്രിൽ 9 ന് കേരളം പോളിംഗ് ബൂത്തിലേക്ക് നീങ്ങുമ്പോൾ, സമ്മതിദായകർക്ക് ആത്മവിശ്വാസത്തോടെയും സൗകര്യപ്രദമായും വോട്ട് രേഖപ്പെടുത്താനുള്ള എല്ലാ സാഹചര്യങ്ങളും ഞങ്ങൾ ഒരുക്കിക്കഴിഞ്ഞു.

## തിരഞ്ഞെടുപ്പിലെ പുതുമകൾ: സുതാര്യതയുടെ 30 സംരംഭങ്ങൾ

തിരഞ്ഞെടുപ്പ് പ്രക്രിയയെ ആധുനികവൽക്കരിക്കാനും കൂടുതൽ ജനകീയമാക്കാനും 30 ഓളം പുതിയ പദ്ധതികളാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇത്തവണ നടപ്പിലാക്കുന്നത്. വോട്ടർമാർക്കും രാഷ്ട്രീയ പാർട്ടികൾക്കുമായി 40ലധികം ആപ്പുകളെയും വെബ്സൈറ്റുകളെയും സംയോജിപ്പിച്ചു കൊണ്ടുള്ള ഏകജാലക ഡിജിറ്റൽ സംവിധാനം നിലവിൽ വന്നു. പോളിംഗ് സുതാര്യമാക്കാൻ 100% വെബ് കാസ്റ്റിംഗ് സംവിധാനവും, വോട്ടർമാരുടെ തിരക്ക് നിയന്ത്രിക്കാൻ ഒരു ബൂത്തിൽ പരമാവധി 1,200 വോട്ടർമാർ എന്ന ക്രമീകരണവും ഇത്തവണത്തെ പ്രത്യേകതയാണ്.

## പരിശീലനവും സാങ്കേതികവിദ്യയും

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ കേരളം, 'ലഢശര്യമ' എന്ന ഡിജിറ്റൽ പ്ലാറ്റ് ഫോം വഴി പരിശീലനം നൽകിവരുന്നു. ഉദ്യോഗസ്ഥർക്ക് എവിടെയിരുന്നും ലളിതമായി പരിശീലന മൊഡ്യൂളുകൾ ഇതിലൂടെ ലഭ്യമാകും. നിലവിലെ പരിശീലനങ്ങൾക്ക് പുറമേയാണിത്. വോട്ടിംഗ് ശതമാനം 85ന് മുകളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

എല്ലാ പോളിംഗ് സ്റ്റേഷനുകളിലും കുടിവെള്ളം, തണൽ, ഇരിപ്പിടങ്ങൾ, റാമ്പുകൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. ഓരോ മണ്ഡലത്തിലും പ്രാദേശിക കലാരൂപങ്ങളും പൈതൃകവും വിളിച്ചോതുന്ന 'മോഡൽ പോളിംഗ് സ്റ്റേഷനുകളും', സ്ത്രീകൾ മാത്രം നിയന്ത്രിക്കുന്ന ആയിരത്തിലധികം 'പിങ്ക് ബൂത്തുകളും' സജ്ജമാണ്. തിരഞ്ഞെടുപ്പ് ഒരുജനാധിപത്യ ഉത്സവമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ ബൂത്തും സജ്ജമാക്കിയിട്ടുള്ളത്.

## കന്നിവോട്ടർമാർക്ക് മധുരമേറിയ സ്വീകരണം

യുവജനപങ്കാളിത്തം ഉറപ്പാക്കാൻ വിപുലമായ ബോധവൽക്കരണ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിലെ 2.71 കോടി വോട്ടർമാരിൽ 4.6 ലക്ഷം പേർ കന്നിവോട്ടർമാരാണ്. ഇവരെ ബൂത്തുകളിലേക്ക് ആകർഷിക്കാൻ ഓരോ ജില്ലയിലെയും നിശ്ചിത ബൂത്തുകളിൽ ആദ്യമെത്തുന്ന 200 കന്നിവോട്ടർമാർക്ക് 'ഹൽവ' വിതരണം ചെയ്യും. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഊബറുമായി (ഡയലൃ) സഹകരിച്ച് സൗജന്യയാത്രയും.

## സുരക്ഷയും പരാതി പരിഹാരവും

സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ അതിർത്തികളിൽ ചെക്ക് പോസ്റ്റുകളും സ്റ്റാറ്റിക്സർവൈലൻസ് ടീമുകളും സജീവമാണ്. പ്രശ്നബാധിതബൂത്തുകളിൽ കേന്ദ്ര സായുധ സേനയെ വിന്യസിക്കും. പെരുമാറ്റച്ചട്ട ലംഘനങ്ങൾക്കെതിരെ 'സിവിജിൽ' ആപ്പിലൂടെ പരാതി നൽകിയാൽ 100 മിനിറ്റിനുള്ളിൽ നടപടി സ്വീകരിക്കും. സംശയനിവാരണത്തിനായി 1950 എന്നടോൾ ഫ്രീ നമ്പറിൽ 24 മണിക്കൂറും കോൾ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്.

## കരുതലോടെയുള്ള ഹോം വോട്ടിംഗ്

ജനാധിപത്യം എല്ലാവരെയും ഉൾക്കൊള്ളുന്നതാകണം (കിരഹൗശെല ളൂഹലരശേീ). ഇതിന്റെ ഭാഗമായി 85 വയസ്സ് കഴിഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിലുള്ളവർക്കുമായി ഹോം വോട്ടിംഗ് സൗകര്യം ഏർപ്പെടുത്തി. ഏകദേശം രണ്ട് ലക്ഷത്തിലധികം പേർ ഈ സൗകര്യം പ്രയോജനപ്പെടുത്തിക്കഴിഞ്ഞു. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥർക്കും അവശ്യസേവന വിഭാഗങ്ങൾക്കും പോസ്റ്റൽ ബാലറ്റ് വഴിയുള്ള വോട്ടിംഗിനും വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയത്.

## ഹരിത പ്രോട്ടോക്കോൾ: പ്രകൃതിയോടിണങ്ങി ഒരു തിരഞ്ഞെടുപ്പ്

100% പ്രകൃതിസൗഹൃദമായ രീതിയിൽ തിരഞ്ഞെടുപ്പ് പൂർത്തിയാക്കി പരിസ്ഥിതി സംരക്ഷണത്തിൽ പുതിയ മാതൃക സൃഷ്ടിക്കാൻ കേരളംലക്ഷ്യമിടുന്നു. പ്ലാസ്റ്റിക് ഒഴിവാക്കി ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ രാഷ്ട്രീയ പാർട്ടികളും പൊതുജനങ്ങളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തീവ്ര വോട്ടർ പട്ടിക പുതുക്കൽ പ്രക്രിയയിലൂടെ ശുദ്ധീകരിക്കപ്പെട്ട 2,71,06,059 വോട്ടർമാരാണ് നിലവിൽ പട്ടികയിലുള്ളത്. ഈ ദൗത്യത്തിന് പിന്നിൽ പ്രവർത്തിച്ച ജില്ലാ കളക്ടർമാർ, ബി. എൽ. ഒമാർ, മറ്റ് റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം സ്തുത്യർഹമാണ്. ഏപ്രിൽ 9 ന് നിങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കാൻ ഓരോ വോട്ടറെയും ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുന്നു. നമുക്ക് വോട്ട് ചെയ്യാം, ജനാധിപത്യം കരുത്തുറ്റതാക്കാം.

# വർണാഭമാക്കി മുന്നണികൾ; ഇനി നിശബ്ദ പ്രചാരണം

തിരുവനന്തപുരം : നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം കലാശക്കൊട്ടോടെ പര്യവസാനിച്ചു. വൈകിട്ട് ആറു മണിയോടെയാണ് പ്രചാരണം സമാപിച്ചത്. ഇനി നിശബ്ദ പ്രചാരണത്തിന്റെ മണിക്കൂറുകളിലേക്ക് സംസ്ഥാനം. ഇനിയുള്ള ഒരു ദിവസം നിശബ്ദ പ്രചാരണത്തിനു ശേഷം വ്യാഴാഴ്ച കേരളം പോളിങ് ബൂത്തിലെത്തും. 2018ലെ പ്രളയം മനുഷ്യനിർമിതമാണെന്ന മാത്യു കുഴൽനാടന്റെ ആരോപണത്തിനു പിന്നാലെ പത്തനംതിട്ട ജില്ലയിൽ യുഡിഎഫ് കലാശക്കൊട്ടിൽനിന്ന് വിട്ടുനിന്നു. എറണാകുളം ജില്ലയിലെ ഓരോ മണ്ഡലത്തിലും പ്രധാന കേന്ദ്രങ്ങളിലായിരുന്നു കൊട്ടിക്കലാശം. പറവൂരിലും തൃപ്പൂണിത്തുറയിലും പ്രധാന കേന്ദ്രങ്ങളിൽ കൊട്ടിക്കലാശം നടന്നപ്പോൾ വൈപ്പിൻ മണ്ഡലത്തിലെ സ്ഥാനാർഥികൾ ഗോശ്രീ ജങ്ഷനിൽ കേന്ദ്രീകരിച്ചായിരുന്നു അവസാന മണിക്കൂറിലെ ആഘോഷ പ്രകടനം. മന്ത്രി പി.രാജീവ് മത്സരിക്കുന്ന മണ്ഡലത്തിൽ കളമശേരി ടൗണിലായിരുന്നു മൂന്നു മുന്നണികളുടേയും കൊട്ടിക്കലാശം. കലൂരിലായിരുന്നു ഇടതുപക്ഷത്തിന്റെ കൊട്ടിക്കലാശം. ടൗൺഹാൾ പരിസരത്ത് എറണാകുളം മണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർഥി ടി.ജെ.വിനോദിന്റെ കൊട്ടിക്കലാശം നടന്നു. കൊച്ചി മണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർഥി മുഹമ്മദ് ഷിയാസിന്റെ കൊട്ടിക്കലാശം കാളമുക്ക് ജംക്ഷനിൽ നടന്നു. ഇതിനിടെ പെരുമ്പാവൂരിൽ നേരിയ ഉന്തും തള്ളുമുണ്ടായി. കലാശക്കൊട്ടിന്റെ അവസാന മണിക്കൂറുകളിൽ വടക്കൻ പറവൂരിൽ നേരിയ സംഘർഷമുണ്ടായി. തോപ്പുംപടിയിൽ എൽഡിഎഫ് യുഡിഎഫ് പ്രവർത്തകർ തമ്മിൽ സംഘർഷമുണ്ടായി. കളമശേരി മണ്ഡലത്തിലും നേരിയ തോതിൽ സംഘർഷമുണ്ടായി.

കളമശേരിയിൽ പി.രാജീവിന്റെ കൊട്ടിക്കലാശത്തിന് റപ്പർ വേടനെത്തിയതോടെ പ്രദേശം ആവേശകരമായി. മൂന്നു മുന്നണികളുടേയും അവസാനവട്ട പ്രചരണം ഇവിടെയാണ് നടന്നത്.

തുറന്ന വാഹനത്തിൽ രാജീവിനൊപ്പമാണ് വേടനെത്തിയത്. സ്ഥാനാർഥിക്കൊപ്പം സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എം.സ്വരാജ്, ജില്ലാ സെക്രട്ടറി എസ്.സതീശ് എന്നിവരും ഉണ്ടായിരുന്നു.

കടലമ്മ കരഞ്ഞല്ലേ പെറ്റത്, കണ്ണീരുമവളല്ലേ കട്ടത്.... എന്ന് പാടിയാണ് വേടൻ രാജീവിനു വേണ്ടി വോട്ടഭ്യർഥിച്ചത്.